7 DEC 2013
29827

23

കേരളാ സർക്കാർ

സംഗ്രഹം

പരിസ്ഥിതി വകുപ്പ് - പശ്ചിമഘട്ട ഉന്നതതലസമിതി റിപ്പോർട്ട് - കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ - സ്പഷ്ടീകരണം - ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

=====================================================================

പരിസ്ഥിതി (എ) വകുപ്പ്

സ.ഉ.(സാധാ) നം. 171/2013/പരി തീയതി, തിരുവനന്തപുരം, 04.12.2013

=====================================================================

പരാമർശം: 1) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 162/13/പരി തീയതി 29/10/13.
2) ആപ്ലിക്കേഷൻ 26/12-ൽ ദേശീയ ഹരിത ട്രൈബ്യൂണൽ 12.11.13 -ൽ പുറപ്പെടുവിച്ച ഉത്തരവ്.
3) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 13.11.13 ൽ 1-4/2012 -RE(pt) നമ്പരായി പുറപ്പെടുവിച്ച ഉത്തരവ്.
4) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 16.11.13 ൽ 1-4/2012-RE(pt) നമ്പരായി പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം.

## ഉത്തരവ്

പശ്ചിമഘട്ട സംരക്ഷണ നടപടികൾ സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഉന്നതതല പ്രവർത്തക സമിതി (കസ്തൂരിരംഗൻ കമ്മിറ്റി) റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന പരാമർശം 3, 4 എന്നിവയിലെ ഉത്തരവ് പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് മാത്രമാണ് പരിസ്ഥിതി ലോല പ്രദേശങ്ങളിൽ (ESA) നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

1. ഖനനം (Mining), പാറഖനനം (quarrying), മണൽ ഖനനം (sand mining)
2. താപ വൈദ്യുതി നിലയങ്ങൾ
3. 20,000 ചതുരശ്ര മീറ്ററോ അതിന് മുകളിലോ ഉള്ള കെട്ടിടങ്ങൾ/മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ.
4. 50 ഹെക്ടറും അതിന് മുകളിലും വിസ്തീർണ്ണമുള്ളതും അഥവാ നിർമ്മിത വിസ്തൃതി (built up area) 1,50,000 ചതുരശ്ര മീറ്ററും അതിന് മുകളിലും ഉള്ളതുമായ ടൗൺഷിപ്പും, ഭൂവികസന പ്രവർത്തനങ്ങളും (area development projects).
5. ചുവന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ. (Red categories of Industries)

മുകളിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി ലോല പ്രദേശങ്ങളിൽ മാത്രം ഏർപ്പെടുത്തിയിട്ടുള്ള നിരോധനം സാധാരണക്കാർക്കോ, കർഷകർക്കോ അസൗകര്യമോ മറ്റ് തരത്തിലുള്ള കഷ്ടപ്പാടുകളോ ഉണ്ടാക്കുന്നതല്ല.

2. എന്നാൽ വസ്തുതകൾ ഗ്രഹിക്കാതെ വസ്തു കരം സ്വീകരിക്കുന്നത്, പ്രമാണം രജിസ്റ്റർ ചെയ്യുന്നത് തുടങ്ങി നിലവിലുള്ള കേന്ദ്ര സർക്കാർ തീരുമാനങ്ങൾ യാതൊരു തലത്തിലും ബാധകമാകാത്ത കാര്യങ്ങളിൽ ചില ഉദ്യോഗസ്ഥർ പരിസ്ഥിതി ലോല പ്രദേശം, കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകൾ തുടങ്ങി തീർത്തും അസംഗതമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി, അവരവർ നിയമപരമായി ചെയ്യേണ്ട/ചെയ്തുകൊടുക്കേണ്ട കാര്യങ്ങൾക്ക് എതിർപ്പ് പ്രകടിപ്പിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി താഴെ പറയുന്ന സ്പഷ്ടീകരണം/നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വസ്തു കരം സ്വീകരിക്കൽ, പ്രമാണം പതിക്കൽ, പട്ടയ വിതരണം, വിറകിന് പെർമിറ്റ് നൽകൽ തുടങ്ങിയ കാര്യങ്ങളിൽ യാതൊരു തടസ്സവും ഉണ്ടാക്കുന്നതല്ലാത്തതിനാൽ ഇവ തടസ്സപ്പെടുത്തുന്നില്ലെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഉറപ്പുവരുത്തേണ്ടതും നിലവിൽ ഉണ്ടായിരുന്നതുപോലെ ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും നടത്തേണ്ടതുമാണ്.

ii. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ വ്യക്തമായ നിർദ്ദേശം ഇല്ലാതെ യാതൊരുവിധ നടപടികളും സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ അധികാരിയോ, ഉദ്യോഗസ്ഥനോ, സ്വമേധയാ സ്വീകരിക്കാനോ, വ്യാഖ്യാനിക്കാനോ, അതിന്റെ പേരിൽ, പൊതുജനങ്ങൾക്ക് നിയമാനുസൃതം ലഭ്യമാക്കേണ്ട സേവനങ്ങളും അവകാശങ്ങളും നിഷേധിക്കാനോ, പാടുള്ളതല്ല.

3. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.. ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ സർക്കാർ കാര്യാലയങ്ങളിലും അതാത് വകുപ്പദ്ധ്യക്ഷന്മാർ ലഭ്യമാക്കേണ്ടതാണ്.

5. സർക്കാരിന്റെയും, ബന്ധപ്പെട്ട വകുപ്പുകളുടെയും വെബ്സൈറ്റുകളിൽ ഈ ഉത്തരവ് അപ് ലോഡ് ചെയ്യേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**പി.കെ. മൊഹന്തി**
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ തലവന്മാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ചെയർമാൻ/മെമ്പർ സെക്രട്ടറി, കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ചെയർമാൻ/മെമ്പർ സെക്രട്ടറി, കേരളാ സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്.
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്
പരിസ്ഥിതി ലോല പ്രദേശങ്ങളായ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (ജൈവ വൈവിധ്യ ബോർഡ് മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ്
പബ്ലിക് റിലേഷൻസ് വകുപ്പ്.
റവന്യൂ, തദ്ദേശ സ്വയംഭരണ, നികുതി, വനം-വന്യജീവി/വ്യവസായ/കൃഷി/മൃഗസംരക്ഷണ പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പുകൾക്ക്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.